ഇങ്ങനെ സംഭവിച്ചത്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഏറ്റവും വേഗത്തിലെടുക്കുന്നതാണ്. അതിനുവേണ്ടി രണ്ടുമൂന്നു മാർഗ്ഗങ്ങൾ സഹിതം നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ഇവർക്ക് എത്രയുംവേഗം പോസ്റ്റിംഗ് കൊടുക്കുന്നതായിരിക്കും.

3. GAIL പൈപ്പ് ലൈൻ മാറ്റിസ്ഥാപിക്കൽ

ശ്രീമതി കെ. എസ്. സലീഖ: സർ, ഷൊർണ്ണൂർ നിയമസഭാ മണ്ഡലത്തിൽപ്പെട്ട ഷൊർണ്ണൂർ നഗരസഭയിലും വാണിയംകുളം പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിലുടെയുമാണ് GAIL-ന്റെ പൈപ്പ് ലൈൻ പദ്ധതി കടന്നു പോകുന്നത്. ജനങ്ങൾ വളരെയധികം തിങ്ങിപ്പാർക്കുന്ന പ്രദേശമാണിത്. ഈയടുത്തകാലത്ത് ആന്ധ്രാപ്രദേശിൽ GAIL-ന്റെ പൈപ്പ് ലൈൻ പൊട്ടിത്തെറിച്ച് വലിയ അപകടം സംഭവിച്ചു. അവിടെ 18 ഇഞ്ച് വ്യാസമുള്ള ഡിസ്ട്രിബ്യൂഷൻ ലൈൻ പൊട്ടി 100 ടൺ വാതകത്തിന്റെ ചോർച്ചയാണുണ്ടായത്. എന്നാൽ, ഷൊർണ്ണൂരിലൂടെ കടന്നുപോകുന്നത് 24 ഇഞ്ച് വ്യാസമുള്ള ട്രാൻസ്മിഷൻ ലൈനാണ്. അതിൽ അപകടം സംഭവിച്ചാൽ 4500 ടൺ ഗ്യാസാകും പുറത്തുപോകുക. അങ്ങനെയൊരു അപകടമുണ്ടായാൽ അതിഭീകരമായ ഒരു ദുരന്തത്തിനായിരിക്കും കേരളം സാക്ഷ്യം വഹിക്കേണ്ടിവരുന്നത്. ഷൊർണ്ണൂർ നഗരസഭയെ പ്രദക്ഷിണം വച്ച് പോകുന്ന വിധത്തിലാണ് വാതക പൈപ്പ് ലൈനിന്റെ ഇപ്പോഴുള്ള പ്രവർത്തനം നടക്കുന്നത്. ആ നഗരസഭയിലെ പരുത്തിപ്പാറ ഭാഗത്തെ 200 മീറ്റർ ചുറ്റളവിൽ 630 ലധികം ആളുകളെയും, കുറ്റിക്കാട് കോളനിയുടെ 200 മീറ്റർ ചുറ്റളവിൽ 1450 പേരെയും ചുടുവാലത്തൂരിന്റെ 200 മീറ്റർ ചുറ്റളവിൽ 830 പേരെയും കാരക്കാടിന്റെ 200 മീറ്റർ ചുറ്റളവിൽ 750 പേരെയും ഈ പൈപ്പ് ലൈൻ പോകുന്നതുമൂലം ഗുരുതരമായി ബാധിക്കും. ചുടുവാലത്തൂർ പ്രദേശത്ത് രണ്ട് വീടുകൾ തമ്മിലുള്ള അകലം 6 മീറ്റർ മാത്രമാണ്. ജനങ്ങൾക്കിടയിൽ വലിയ ആശങ്കയാണ് നിലനിൽക്കുന്നത്. 24 ഇഞ്ച് വ്യാസമുള്ള പൈപ്പുകളാണ് കടന്നുപോകുന്നത്, ഇത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ല. പി ആന്റ് എം.പി. ആക്ട് തന്നെ പറയുന്നുണ്ട്, ഇത് അതിന്റെ 7(1) എ, ബി, സി-യുടെ നഗ്നമായ ലംഘനമാണെന്ന്. അലൈൻമെന്റ് മാറ്റാതെ ഈ പദ്ധതി നടപ്പാക്കിയാൽ വലിയ പ്രതിസന്ധിയാകുമുണ്ടാകുക. ജനങ്ങളോടുള്ള ഒരു വലിയ വെല്ലുവിളിയായി ഗെയ്ൽ ഇത് ഏറ്റെടുക്കുകയാണ്. മലബാറിൽ കനോലി കനാൽവഴി കൊണ്ടുപോകുന്നതിനെ സംബന്ധിച്ചുള്ള സാധ്യതാപഠനം നടത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞിരുന്നു. ആ രൂപത്തിൽ പാലക്കാട് ജില്ലയിലെ 17 പഞ്ചായത്തുകളെയും രണ്ട് മുനിസിപ്പാലിറ്റികളെയും ബാധിക്കുന്ന പ്രശ്നമായതിനാൽ ഭാരതപ്പുഴയുടെ ഓരത്തുകൂടി പോയാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശമൊഴിവാക്കാൻ കഴിയും. തൃശ്ശൂർ ജില്ലയിൽനിന്ന് പാലക്കാട് ജില്ലയിലേക്ക് വരുന്നത് ഭാരതപ്പുഴയെ ക്രോസ് ചെയ്തുകൊണ്ടാണ്. ഭാരതപ്പുഴയുടെ ഓരത്തുകൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുകയാണെങ്കിൽ ഇപ്പോൾ 100 കിലോമീറ്റർ പൈപ്പ് സ്ഥാപിക്കേണ്ട സ്ഥാനത്ത് 50 കിലോമീറ്ററിൽ മതിയാകും. എന്തർത്ഥത്തിലും

LIBRARY ARCHIVES Kerala Legislative Assembly

ലാഭമാണ്, മാത്രമല്ല ജനങ്ങളെ ബാധിക്കുന്ന പ്രശ്നം ഒഴിവാക്കാനും കഴിയും. ഈ വിഷയത്തിൽ ഗൗരവമായ ഇടപെടലുണ്ടാകണം. ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലും വാണിയംകുളം പഞ്ചായത്തിലും താമസിക്കുന്ന ജനങ്ങൾ ഇതിന്റെ പേരിൽ വലിയ ആശങ്കയിലാണ്. ആ രീതിയിലുള്ള ഒരു ഇടപെടൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടാകണം. മലബാർ മേഖലയിൽ നടത്തിയപോലെ ഭാരതപ്പുഴയുടെ ഓരത്തുകൂടെ പൈപ്പ് കൊണ്ടുപോകുന്നതിനെ സംബന്ധിച്ചും ഒരു സാധ്യതാപഠനം നടത്തണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേരളത്തിൽ GAIL സ്ഥാപിക്കുന്ന പ്രകൃതി വാതക പൈപ്പ് ലൈനിന്റെ റൂട്ട് 1962-ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ ആക്ട് (പി ആന്റ് എം.പി.) പ്രകാരം ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ചാണ് തീരുമാനിച്ചിരിക്കുന്നത്. ജനവാസകേന്ദ്രങ്ങൾ, കൃഷി സ്ഥലങ്ങൾ എന്നിവ പരമാവധി ഒഴിവാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുവാനാണ് പൊതുവെ ശ്രമിക്കുന്നത്. എല്ലാവർക്കുമറിയാവുന്നതുപോലെ കേരളം വളരെ ജനസാന്ദ്രതയുള്ള സംസ്ഥാനമായതിനാൽ ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കില്ല. പാലക്കാട് ജില്ലയിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റി പരിധിയിലും വാണിയംകുളം പഞ്ചായത്ത് പരിധിയിലും കൂടി കടന്നുപോകുന്ന പ്രദേശങ്ങളിൽ നോട്ടിഫൈ ചെയ്തിട്ടുള്ള ജനവാസ പ്രദേശങ്ങളെ പരമാവധി ഒഴിവാക്കാനായിട്ടുള്ള നടപടിയെടുത്തിട്ടുണ്ട്. വാണിയംകുളം I, II വില്ലേജ് പരിധിയിൽപ്പെട്ട 7.19 ഉം 3-ഉം കിലോമീറ്റർ നീളത്തിൽ മുഴുവൻ മഹസർ തയ്യാർ ചെയ്തതിൽ, ആ പോകുന്ന റൂട്ടിൽ പാർപ്പിടങ്ങളും കെട്ടിടങ്ങളും പരമാവധി കുറച്ചിട്ടുണ്ടെന്നാണ് ഗവൺമെന്റിന് കിട്ടിയിട്ടുള്ള റിപ്പോർട്ട്. മറ്റേതെങ്കിലും സാധ്യതകളുണ്ടോയെന്ന് പരിശോധിക്കാം. ഈ പൈപ്പ് ലൈൻ സ്ഥാപിക്കാൻ കാലതാമസം നേരിടുന്നുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുതന്നെ ഇവിടെ കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. നമുക്കിത് വളരെ ആവശ്യമാണ്, അതേ സമയത്ത് ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും വേണം. ഇത് രണ്ടിന്റെയും മധ്യത്തിൽ വളരെ ബുദ്ധിമുട്ടേറിയ സ്ഥിതിയാണിത്. ഇത് വൈകിപ്പോകുന്നുവെന്ന ആക്ഷേപം ഒരു വശത്തും ജനങ്ങൾക്കുണ്ടാകുന്ന ആശങ്കയും ബുദ്ധിമുട്ടും മറുവശത്തും. ഇതിനെല്ലാം പരിഹാരമുണ്ടാക്കിക്കൊണ്ട് ഒരു പോംവഴി കാണണമെന്ന് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് കനാൽ വഴിയുള്ള നിർദ്ദേശം വന്നപ്പോൾ അതും പരിശോധിക്കാൻ തയ്യാറായിട്ടുള്ളത്. ഏത് നിലയിലും പരിശോധിച്ച് പരമാവധി എതിർപ്പില്ലാതാക്കി മുന്നോട്ടുകൊണ്ടുപോകാനാണ് ശ്രമിക്കുന്നത്.

4. അമ്പലമുകൾ എച്ച്.ഒ.സി.-യിലെ പ്രതിസന്ധി

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കേരളത്തിലെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനവും ഇന്ത്യയിലെ മിനിരത്ന കമ്പനിയുമായ കൊച്ചിയിലെ അമ്പലമുകളിലുള്ള എച്ച്.ഒ.സി. ഇന്ന് വൻ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. എച്ച്.ഒ.സി.-യിലെ പ്ലാന്റുകൾ അടച്ചിട്ടിട്ട് രണ്ടര മാസമായിരിക്കുകയാണ്. മാർച്ച് മാസം മുതൽ ജീവനക്കാരുടെയും തൊഴിലാളികളുടെയും

LIBRARY ARCHIVES Kerala Legislative Assembly